യിലായി തുടരുകയും ചെയ്യുന്നവരെ പിരിച്ചുവിടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ വിവരം ശേഖരിച്ചു വരുന്നു.

കുടുംബ സേവികാ പരിശീലന പരിപാടി

21 (*111)ശ്രീ.യു.എസ്.ശശി :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ.എൻ.അനിരുദ്ധൻ :

ശ്രീ.കെ.പ്രകാശ് ബാബു :

ശ്രീ.പി.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടുംബസേവികാ പരിശീലനപരിപാടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്; എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. വനിതാ കമ്മീഷന്റെ കീഴിൽ 1997 മേയ് 2 മുതൽ കുടുംബസേവികാ പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്.

(ബി) വനിതാ കമ്മീഷൻ മുഖേന 294 പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലന പരിപാടിയിൽ കുട്ടികളെയും വൃദ്ധരെയും സംരക്ഷിക്കാൻ വ്യക്തിശുചിത്വം, വിവിധ പാചകരീതികൾ, പോഷകാഹാരത്തിന്റെ ആവശ്യകത, പോഷകഗുണം നഷ്ടപ്പെടാതെയുള്ള പാചകരീതികൾ, ആധുനിക ഗൃഹോപകരണങ്ങളുടെ ഉപയോഗ രീതികൾ, നല്ല പെരുമാറ്റ രീതികൾ, തുന്നൽ, എംബ്രോയിഡറി, പ്രഥമ ശുശ്രൂഷ, പരിസര ശുചിത്വം തുടങ്ങിയ വിഷയങ്ങളിൽ തിയറി ക്ളാസുകളും പ്രായോഗിക ക്ളാസുകളും നൽകിയിരുന്നു.

(സി) പരിശീലനം കഴിയുന്ന മുറയ്ക്കുതന്നെ എല്ലാവർക്കും കുടുംബസേവികകളായി ജോലി ലഭിക്കുന്നുണ്ടെന്നാണ് അറിയുന്നത്.

വിദ്യാർത്ഥി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

22(*112)ശ്രീ.സി.എൻ.ജയദേവൻ :

ശ്രീ.കെ.പ്രകാശ് ബാബു :

ശ്രീമതി ആർ.ലതാദേവി :

ശ്രീ.ജോസ് ബേബി :

ശ്രീ.പി.എസ്.സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വിദ്യാർത്ഥി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിദ്യാർത്ഥി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) അപകട ഇൻഷ്വറൻസ് പദ്ധതിയുടെ എന്തെല്ലാം ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മാനവശേഷിയും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ) 26.7.1989-ലെ ജി.ഒ.(പി) നം.127/89/പൊ.വി.വ. ഉത്തരവിൻ പ്രകാരം 1989-90 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ ഗവൺമെന്റ് / എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി "വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി" നടപ്പാക്കി വരുന്നു. 14.8.98 മുതൽ ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയിഡഡ് വിദ്യാലയങ്ങളിലേയും ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികളെയും ഉൾപ്പെടുത്തുകയുണ്ടായി. തുടർന്ന് 2000-2001 അദ്ധ്യയന വർഷം മുതൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂൾ വിദ്യാർത്ഥികളെയും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തി.

(ബി) വിവിധ അപകടങ്ങളിൽപെട്ടു പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് സാമ്പത്തികസഹായം നൽകുകയെന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്കൂൾ കുട്ടികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള "വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി" പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു.

1.	അപകടം മൂലം മരണം സംഭവിച്ചാൽ	-	രൂപ 10,000
2.	അപകടം മൂലം രണ്ടു കണ്ണുകൾ നഷ്ടപ്പെടുകയോ ഒരു അവയവവും ഒരു കണ്ണും നഷ്ടപ്പെടുകയോ ചെയ്താൽ	-	രൂപ 10,000
3.	അപകടം മൂലം ഒരു അവയവമോ ഒരു കണ്ണോ നഷ്ടപ്പെട്ടാൽ	-	രൂപ 5,000
4.	മേലുദ്ധരിച്ചവ കൂടാതെ അപകടംമൂലം സ്ഥായിയായി സമ്പൂർണ്ണ വൈകല്യം സംഭവിച്ചാൽ	-	രൂപ 10,000

5. അപകടംമൂലം സ്ഥായിയായ സമ്പൂർണ്ണ വൈകല്യം അവയവങ്ങൾക്കു സംഭവിച്ചാൽ വൈകല്യത്തിന്റെ തോതനുസരിച്ച് പരമാവധി ആനുകൂല്യമായ പതിനായിരം രൂപയുടെ ശതമാനമനുസരിച്ച് ആനുകൂല്യം കണക്കാക്കുന്നതാണ്.

6. മുകളിലുദ്ധരിച്ച ആനുകൂല്യങ്ങൾക്കു പുറമെ അപകടംമൂലം പരിക്കുപറ്റി ആശുപത്രിയിലോ നഴ്സിംഗ് ഹോമിലോ ഇൻപേഷ്യന്റ് ചികിൽസയിൽ കഴിയുന്ന ഒരു വിദ്യാർത്ഥിക്ക് വർഷത്തിൽ ഒരു അപകട

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് എന്ന നിരക്കിൽ പരമാവധി അഞ്ഞൂറു രൂപ വരെ ചികിൽസാ ചെലവ് മടക്കി നൽകുന്നതാണ്.

ചെറുകിടവ്യവസായങ്ങൾ ആരംഭിക്കാൻ സഹായം

23 (*113)ശ്രീ.പി.പി.സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ടി.വി.ചിത്ര നിർമ്മാണത്തിനെ ചെറുകിട വ്യവസായമായി അംഗീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ബി) ഫിലിം ഇൻഡസ്ട്രി (മോഷൻ പിക്ചർ ഉൽപാദനം) വ്യവസായമായി അംഗീകരിച്ചിട്ടില്ല. എന്നാൽ കുടുംബാസൂത്രണം, സാമൂഹ്യവനവൽക്കരണം, ഊർജ്ജ സംരക്ഷണം, കമേഴ്സ്യൽ പരസ്യങ്ങൾ എന്നിവയെ ആസ്പദമാക്കിയിട്ടുള്ള ഡോക്യുമെന്ററി ഫിലിംസിനെ എസ്.എസ്.എസ്. ബി.ഇ. കാറ്റഗറിയിൽപ്പെടുത്തി വ്യവസായമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ

24 (*114)ശ്രീ. എം. ദാസൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എ. കണാരൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും ഉള്ള ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ടെക്സ്റ്റയിൽ മില്ലുകളിലാണ് നവീകരണം നടത്തുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലയിലെയും സഹകരണ മേഖലയിലെയും ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിലേക്ക് തിരിയാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) സംസ്ഥാനത്തെ ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിന് എന്തു തുക ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly